**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1894** **08-10-2021 - ൽ മറുപടിയ്ക്ക്**

**മാറനല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്രമവിരുദ്ധമായ സാമ്പത്തിക നടപടികളിലൂടെ മാറനല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘത്തിനു വലിയ ബാധ്യത ഉണ്ടായിട്ടുള്ളതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് കാരണക്കാരായ ഭരണസമിതി അംഗങ്ങളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | മാറനല്ലൂർ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് ബാധ്യത ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാപാര നഷ്ടം വന്നതിനെ തുടർന്നാണ് ബാധ്യത വന്നിട്ടുള്ളത്. ഭരണസമിതിയുടെ വീഴ്ച കൊണ്ടാണ് നഷ്ടം വന്നതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. |
| (ബി) | സർക്കാർ സഹായത്തോടെ മേൽപ്പറഞ്ഞ സംഘം ആരംഭിച്ച കാലിത്തീറ്റ ഫാക്ടറി അടച്ചുപൂട്ടി യന്ത്രസാമഗ്രികൾ വിൽപ്പന നടത്തിയത് വകുപ്പിന്റെ അനുമതിയോടെയാണോയെന്ന് അറിയിക്കുമോ; | (ബി) | സംഘത്തിൽ കാലിത്തീറ്റ ഫാക്ടറി സ്ഥാപിച്ചിട്ടില്ല. 1987 ൽ സ്ഥാപിച്ച ഫീഡ് മിക്സിംഗ് യൂണിറ്റ് 2004 ൽ കാലപ്പഴക്കം മൂലം യന്ത്ര സാമഗ്രികൾ പ്രവർത്തന രഹിതമായപ്പോൾ വകുപ്പിന്റെ അനുമതിയോടെ ലേലം ചെയ്തു വിൽപ്പന നടത്തി. |
| (സി) | പ്രസ്തുത സംഘത്തിന് സാമ്പത്തിക ബാധ്യതയും നഷ്ടവും വരുത്തിവെച്ചുവെന്ന് ആരോപിക്കപ്പെടുന്ന ഭരണസമിതിയുടെ പ്രസിഡണ്ടായി പ്രവർത്തിച്ച വ്യക്തി കേരളത്തിലെ സഹകരണമേഖലയിൽ നിലവിൽ ഏതെങ്കിലും പ്രമുഖ സ്ഥാനം വഹിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | അപ്രകാരം ആരോപണ വിധേയരായവരാരും ഏതെങ്കിലും സ്ഥാനം വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ